**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1861** **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യെ പൊതുമേഖലയിൽ നിലനിർത്താൻ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | പൊതുമേഖലയിൽ കെ.എസ്.ആർ.ടി.സി. സ്വയം പര്യാപ്തമാകുന്നതിന് ചുവടെ പരാമർശിക്കുന്ന പ്രകാരം വായ്പ ഇനത്തിലും, വിവിധ പദ്ധതികളുടെ നടത്തിപ്പിനുമായും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>സർക്കാർ ധനസഹായം</u><br><br>2021 മുതൽ സർക്കാർ അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റ് വിഹിതമായി കെ.എസ്.ആർ.ടി.സി.യ്ക്ക് 900 കോടി രൂപ അനുവദിക്കുന്നുണ്ട്. ടി തുകയിൽ നിന്നും പ്രതിമാസം 50 കോടി രൂപ ശമ്പളത്തിനും, 72 കോടി രൂപ പെൻഷനുമായി ചെലവാകുന്നുണ്ട്. ഇതിനുപുറമെ കെ.റ്റി.ഡി.എഫ്.സി.യുമായുള്ള വായ്പ കുടിശ്ശിക 625 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കലായി കെ.എസ്.ആർ.ടി.സി.യുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും രണ്ട് ഗഡുക്കളായി കെ.റ്റി.ഡി.എഫ്.സി.യ്ക്ക് 2023-24, 2024-25 എന്നീ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ നേരിട്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്കുള്ള വായ്പ വിഹിതമായി 900 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെയുള്ള വായ്പ ധനസഹായമായി സർക്കാർ ആകെ 1107.83 കോടി രൂപ ഇതിനോടകം തന്നെ അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 207.83 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് പുറമെയുള്ള അധിക വായ്പ ധനസഹായമായാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.<br><br><u>പദ്ധതി വിഹിതം (പ്ലാൻ ഫണ്ട്)</u><br><br>ഇതിനുപുറമെ വിവിധ പദ്ധതികൾക്കായി പദ്ധതി വിഹിതയിനത്തിലും സർക്കാരിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച പദ്ധതി വിഹിതം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>**<u>Plan Fund 2021-22</u>**<br><br>(തുക കോടി രൂപയിൽ) |

| Sl. No. | Name of Scheme | Budget Provision | Amount released to KSRTC |
|---|---|---|---|
| 1 | Development of Infrastructure and Modernization of Depots & Workshops | 30.00 | 6.67 |
| 2 | Total Computerization and e-Governance in KSRTC | 18.91 | 5.07 |
| 3 | Providing Training to Employees & Officers in KSRTC | 1.00 | 1.00 |
| 4 | Modernization & Qualitative Improvement of Fleet | 50.00 | 25.70 |
| | **Total** | **99.91** | **38.44** |

**Plan Fund 2022-23**

(തുക കോടി രൂപയിൽ)

| Sl. No. | Name of Scheme | Budget Provision | Amount released to KSRTC |
|---|---|---|---|
| 1 | Development of Infrastructure and Modernization of Depots & Workshops | 30.00 | 21.79 |
| 2 | Total Computerization and e-Governance in KSRTC | 20.00 | 12.35 |
| 3 | Providing Training to Employees & Officers in KSRTC | 1.00 | 0.70 |
| 4 | Modernization & Qualitative Improvement of Fleet | 50.00 | 24.30 |
| 5 | Viability Gap Funding - Commercial Development of KSRTC Assets | 5.00 | 0.00 |
| | **Total** | **106.00** | **59.14** |

**Plan Fund 2023-24**

**(തുക കോടി രൂപയിൽ)**

| Sl. No. | Name of Scheme | Budget Provision | Amount released to KSRTC |
|---|---|---|---|
| 1 | Development of Infrastructure & Modernization of Depots & Workshops | 30.00 | 6.37 |
| 2 | Total Computerization & e-Governance in KSRTC | 20.00 | 5.41 |
| 3 | Providing Training to Drivers, Technical Personnel & Officers in KSRTC | 1.00 | 0.48 |
| 4 | Modernization & Qualitative Improvement of Fleet | 75.00 | 55.00 |
| 5 | Viability Gap Funding – Development of Commercial assets of KSRTC | 5.00 | 0.50 |
| | **Total** | **131.00** | **67.76** |

**Plan Fund 2024-25**

(തുക കോടി രൂപയിൽ)

| Sl. No. | Name of Scheme | Budget Provision | Amount released to KSRTC |
|---|---|---|---|
| 1 | Development of Infrastructure & Modernization of Depots & Workshops | 24.54 | 5.17 |
| 2 | Total Computerization & e-Governance in KSRTC | 10.00 | 3.27 |
| 3 | Providing Training to Drivers, Technical Personnel & Officers in KSRTC | 1.00 | 0.17 |
| 4 | Modernization & Qualitative Improvement of Fleet | 92.00 | 25.63 |
| 5 | Viability Gap Funding – Development of | 1.00 | 0.00 |

| | | | |
|---|---|---|---|
| | Commercial assets of KSRTC | | |
| | **Total** | **128.54** | **34.24** |

2025-26 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ 158.70 കോടി രൂപയാണ് സർക്കാർ കെ.എസ്.ആർ.ടി.സിയ്ക്ക് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ, 71.53 കോടി രൂപ കെ.എസ്.ആർ.ടി.സിയ്ക്ക് ഇതിനോടകം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**Plan Fund 2025-26**

(തുക കോടി രൂപയിൽ)

| ക്രമ നം | പദ്ധതിയുടെ പേര് | ബഡ്ജറ്റ് വിഹിതം | സർക്കാർ അനുവദിച്ച തുക |
|---|---|---|---|
| 1 | അടിസ്ഥാന സൗകര്യവികസനവും, വർക്ഷോപ്പുകളുടെയും, ഡിപ്പോകളുടെയും നവീകരണവും. | 38.70 | 13.54 |
| 2 | സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസ് നടപ്പാക്കലും | 12.00 | 2.00 |
| 3 | ഡ്രൈവർമാർ, ടെക്നിക്കൽ ആഫീസർമാർ, പെഴ്സണൽ എന്നിവർക്ക് പരിശീലനം | 1.00 | 0.30 |
| 4 | വാഹനവ്യൂഹങ്ങളുടെ നവീകരണവും, ഗുണനിലവാരം മെച്ചപ്പെടുത്തലും | 107.00 | 55.69 |
| | **ആകെ** | **158.70** | **71.53** |

<u>റോഡ് സുരക്ഷാ ഫണ്ട് (2024-25)</u>

100 ബ്രീത്ത് ആൽക്കഹോൾ അനലൈസറുകൾ (പ്രിന്റർ, ക്യാമറ, ജി.പി.എസ്. സംവിധാനങ്ങളോടുകൂടിയ) വാങ്ങുന്നതിനായി റോഡ് സുരക്ഷാ ഫണ്ടിനത്തിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റി 27.96 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷം അനുവദിച്ച് നൽകുകയുണ്ടായി. ടി തുക വിനിയോഗിച്ച് 100 ബ്രീത്ത് ആൽക്കഹോൾ അനലൈസറുകൾ (പ്രിന്റർ, ക്യാമറ, ജി.പി.എസ്. സംവിധാനങ്ങളോടുകൂടിയ) കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ട്.

<u>റോഡ് സുരക്ഷാ ഫണ്ട് (2025-26)</u>

കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിച്ച 11 ആധുനിക ഡ്രൈവിംഗ് സ്കൂളുകളിൽ സ്ഥാപിക്കുന്നതിനായി 11 ഡ്രൈവിംഗ് സിമുലേറ്ററുകൾ വാങ്ങുന്നതിനായി റോഡ് സുരക്ഷാ ഫണ്ടിനത്തിൽ 51,91,351/- രൂപ

കെ.എസ്.ആർ.ടി.സി.യ്ക്ക് കേരള റോഡ് സേഫ്റ്റി അതോറിറ്റി അനുവദിച്ച് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിച്ച 11 ആധുനിക ഡ്രൈവിംഗ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 22 നാല് ചക്ര വാഹനങ്ങളും, 22 ഇരുചക്ര വാഹനങ്ങളും റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും 1.07 കോടി രൂപ ചെലവഴിച്ച് വാങ്ങുന്നതിന് സർക്കാർ 2024-25 സാമ്പത്തിക വർഷം ഭരണാനുമതി നൽകുകയുണ്ടായി. ഇതിൻപ്രകാരം ടി വാഹനങ്ങൾ കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ട്. 20 ഇരുചക്ര വാഹനങ്ങൾ വാങ്ങിയ ഇനത്തിലെ തുകയായ 11.73 ലക്ഷം രൂപ ആദ്യ ഗഡുവായി റോഡ് സുരക്ഷാ ഫണ്ടിനത്തിൽ ഈ സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമായിട്ടുണ്ട്. 11 നാല് ചക്ര വാഹനങ്ങൾ വാങ്ങിയ ഇനത്തിലെ തുകയായ 46.80 ലക്ഷം രൂപ റോഡ് സുരക്ഷാ ഫണ്ടിനത്തിൽ നടപ്പ് സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമായിട്ടുണ്ട്.

<u>കൺസോർഷ്യം മെമ്പറായ കെ.റ്റി.ഡി.എഫ്.സി.യുടെ വായ്പ ബാധ്യത കേരള ബാങ്ക് ഏറ്റെടുക്കുന്നത്</u>

കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയ കൺസോർഷ്യം വായ്പയ്ക്ക് പുറമെയുള്ള ദീർഘകാല, ഹ്രസ്വകാല വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ (One Time Settlement) പദ്ധതിയിൽ ഉൾപ്പെടുത്തി അന്തിമവൽക്കരിക്കുന്നതിന് രണ്ട് ഗഡുക്കളായി ആകെ 625 കോടി രൂപ സർക്കാർ കെ.റ്റി.ഡി.എഫ്.സി.യ്ക്ക് നേരിട്ട് അനുവദിച്ച് നൽകിയിരുന്നു (സ.ഉ.(സാധാ) നം. 120/2024/ട്രാൻസ് തീയതി 30/03/2024 - 412.50 കോടി രൂപ, സ.ഉ.(സാധാ) നം. 161/2024/ട്രാൻസ് തീയതി 25/04/2024 - 212.50 കോടി രൂപ). കൂടാതെ ദീർഘകാല, ഹ്രസ്വകാല വായ്പകളിൽ പലിശ, പിഴപ്പലിശ, ലിക്വിഡേറ്റഡ് ഡാമേജ് ഇനങ്ങളിൽ തിരിച്ചടക്കാൻ ശേഷിക്കുന്ന തുകയായ 436.49 കോടി രൂപ (പലിശ, പിഴപ്പലിശ, ലിക്വിഡേറ്റഡ് ഡാമേജ് ഇനങ്ങളിലെ തുക) waive off ചെയ്യുന്നതിന് കെ.റ്റി.ഡി.എഫ്.സി.യ്ക്ക് അനുമതി നൽകി ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി (സ.ഉ.(കൈ) നമ്പർ.16/2025/ട്രാൻസ് തീയതി 23/07/2025). ഇതിൻപ്രകാരം ഹ്രസ്വകാല, ദീർഘകാല വായ്പ കുടിശ്ശികയിനത്തിൽ കെ.എസ്.ആർ.ടി.സി. തുകയൊന്നും ഒടുക്കാനില്ലെന്നും വായ്പ അക്കൗണ്ടുകൾ ക്ലോസ് ചെയ്തെന്നും സൂചിപ്പിച്ചുള്ള സർട്ടിഫിക്കറ്റ് കെ.റ്റി.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി.യ്ക്ക് 'No Dues Certificate' ലഭ്യമാക്കുകയും, കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും ലഭ്യമായ ടി സർട്ടിഫിക്കറ്റ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള കൺസോർഷ്യം മെമ്പർ ബാങ്കുകൾക്ക് നൽകുകയും, തുടർന്ന് 02/08/2025-ൽ കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായുള്ള കെ.റ്റി.ഡി.എഫ്.സി.യുടെ വായ്പ വിഹിതമായ 133,16,58,994/- രൂപ പൂർണ്ണമായി കേരള ബാങ്ക് കെ.റ്റി.ഡി.എഫ്.സി.യ്ക്ക് അനുവദിച്ച് നൽകി കെ.റ്റി.ഡി.എഫ്.സി.യ്ക്ക് പകരമായി കൺസോർഷ്യം അംഗമാകുകയും ചെയ്തു. ഇപ്രകാരം കേരളാ ബാങ്ക് കെ.റ്റി.ഡി.എഫ്.സി.യുടെ വായ്പ ഏറ്റെടുത്തത് മുഖേന പലിശയിനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസം ശരാശരി 12 ലക്ഷം രൂപ ലാഭിക്കാൻ കഴിഞ്ഞു.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ KSRTCക്ക് വായ്പ സഹായമായി പ്രതിമാസം 50 കോടി രൂപ സർക്കാർ സഹായമായി അനുവദിക്കുന്നുണ്ട്.

<u>പെൻഷൻ വിതരണം</u>

| | | | |
|---|---|---|---|
| | | | കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ തുക കണ്ടെത്തുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. തന്മൂലം പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടാവുകയും ആയത് ഒഴിവാക്കുന്നതിനായി മുഖ്യമന്ത്രി മുൻകൈയെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്തുവരികയാണ്. 2025 നവംബർ മാസം വരെ കാലവധിയുണ്ടായിരുന്ന ത്രികക്ഷി കരാർ നിലവിൽ 2025 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.യും കേരള ബാങ്കുമായി ചേർന്ന് ഒപ്പുവെച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2026 ജനുവരി മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി പ്രതിമാസം ശരാശരി 72 കോടി രൂപയോളം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിന് അനുവദിക്കുന്നുണ്ട്. |
| (ബി) | ഭരണപരവും സാമ്പത്തികപരവുമായ നിർവ്വഹണം കാര്യക്ഷമമാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി. യെ മെച്ചപ്പെട്ട പ്രവർത്തന നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കോർപ്പറേഷനിൽ നഷ്ടത്തിലുണ്ടായിരുന്ന റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകളെ ഇത്തരം ക്രമീകരണങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി നിലനിർത്തിയിട്ടുണ്ട്. ഇത്തരം ക്രമീകരണത്തിലൂടെ പൊതുജനങ്ങൾക്ക് ഉപകാരമല്ലാത്തതും വരുമാന ലഭ്യത ഇല്ലാത്തതുമായ ഡെഡ് കിലോമീറ്റർ ഓപ്പറേഷൻ (92731 KM) കുറയ്ക്കുന്നതിനും അതിന് പകരം വരുമാന ലഭ്യതയുള്ളതും ജനോപകാരപ്രദവുമായ റൂട്ടുകളിൽ പുതുതായി (80398 KM) ഓപ്പറേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ദീർഘദൂര ബസുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ഇങ്ങനെ ഒഴിവാകുന്നതിൽ ഒറ്റപ്പെട്ട ഭാഗങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിക്കുകയും ചെയ്തു.<br><br>പുതിയതരം ബസുകൾ നിരത്തിലിറക്കിയതിലൂടെ യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെട്ട പ്രവർത്തന നിലവാരത്തിലേയ്ക്ക് എത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട്. യാത്രക്കാർക്ക് മികവുറ്റ യാത്രാസൗകര്യം നൽകുന്നതിനായി പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ് / ബെർത്ത്, മൊബൈൽ ചാർജിങ്ങ് പോയിന്റ്, വൈഫൈ സൗകര്യം, റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻപൗച്ച്, മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ, എയർ സസ്പെൻഷൻ, യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ഡ്രൈവർ ഫാറ്റീഗ് ഡിറ്റക്ഷൻ ക്യാമറ ആൻഡ് അലാം, ആധുനിക എ.സി. സീറ്റർ / സ്ലീപ്പർ / സീറ്റർ കം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറക്കിയിട്ടുള്ളത്. ഇന്ത്യയിലെ State transport undertakingകളിൽ ആദ്യമായി വോൾവോയുടെ ഏറ്റവും പുതിയ 9600 SLX SLEEPER ശ്രേണിയിലുള്ള ആധുനിക സൗകര്യങ്ങളോടു കൂടിയ AC Sleeper ബസുകൾ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കി. |

ബസ് സർവീസ് നടത്തുന്നതിനുള്ള നേരിട്ടുള്ള പ്രവർത്തന ചെലവുകൾ (ഓപ്പറേഷണൽ കോസ്റ്റ്) ടിക്കറ്റ് വരുമാനത്തിൽ നിന്നും തന്നെ കണ്ടെത്തി ഓരോ യൂണിറ്റിനേയും ലാഭകേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി 2024 ജൂലൈ മാസം ആകെ 93 യൂണിറ്റുകളിൽ 52 യൂണിറ്റുകൾ മാത്രം ഓപ്പറേഷണൽ ടാർജറ്റ് കൈവരിച്ച സ്ഥാനത്ത് 2025 ആഗസ്റ്റ് മാസം മുതൽ എല്ലാ യൂണിറ്റുകളും തുടർച്ചയായി ഓപ്പറേഷണൽ ടാർജറ്റ് നേടുന്നതിനും പ്രവർത്തനലാഭത്തിൽ തുടരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയ വിവിധതരം പുതിയ പദ്ധതികൾ, പുതിയ ബസ്സുകൾ, പുതിയ ക്ലാസ് സർവീസുകൾ എന്നിവയിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവും പ്രതികിലോമീറ്റർ വരുമാനം (ഇ.പി.കെ.എം.), ഇ.പി.ബി., പ്രതിദിന ടിക്കറ്റ് വരുമാനം എന്നിവ ഉൾപ്പെടെയുള്ള എല്ലാ ഓപ്പറേഷണൽ പരാമീറ്ററുകളിലും പുരോഗതി ഉണ്ടാവുകയും ചെയ്തു.

<u>കളക്ഷൻ വർദ്ധനവ്</u>

05-01-2026ൽ, കെ.എസ്.ആർ.ടി.സി ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിദിന ടിക്കറ്റ് വരുമാനം ആയ 12.18 കോടി രൂപ നേടി. 4952 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 27.39 ലക്ഷം യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

<u>Non Op. Revenue 83.49 Lakh, Total 13.01 Cr.</u>

12-01-2026-ൽ, കെ.എസ്.ആർ.ടി.സി ചരിത്രത്തിലെ രണ്ടാമത്തെ വലിയ പ്രതിദിന ടിക്കറ്റ് വരുമാനം ആയ 10.89 കോടി രൂപയും നേടിയിട്ടുണ്ട്. 4944 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 26.54 ലക്ഷം യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

<u>Non Op. Revenue 81.55 Lakh, Total = 11.07 Cr.</u>

15-12-2025-ൽ, കെ.എസ്.ആർ.ടി.സി ചരിത്രത്തിലെ മൂന്നാമത്തെ വലിയ പ്രതിദിന ടിക്കറ്റ് വരുമാനം ആയ 10.77 കോടി രൂപയും നേടിയിട്ടുണ്ട്. 5028 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 26.28 ലക്ഷം യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

08-09-2025-ൽ, കെ.എസ്.ആർ.ടി.സി ചരിത്രത്തിലെ നാലാമത്തെ വലിയ പ്രതിദിന ടിക്കറ്റ് വരുമാനം ആയ 10.19 കോടി രൂപയും നേടിയിട്ടുണ്ട്. 4609 ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് 24.94 ലക്ഷം യാത്രക്കാരുമായാണ് ഈ വരുമാനം ലഭ്യമായത്.

<u>വരുമാന താരതമ്യം - 2023 മുതൽ 2026 വരെ</u>

2023-ൽ ശരാശരി പ്രതിദിന ടിക്കറ്റ് വരുമാനം 6.69 കോടി രൂപയും, 2024-ൽ ശരാശരി 6.80 കോടി രൂപയും ആയിരുന്നത് 2025-ൽ ശരാശരി 7.06 കോടി രൂപയായും 2026-ൽ (31-01-2026 വരെ) ശരാശരി 8.25 കോടി ആയും വർദ്ധിച്ചു. 2023-മായി താരതമ്യം ചെയ്യുമ്പോൾ 2025-ൽ ഒരേ ടിക്കറ്റ് നിരക്കിൽ പ്രതിദിനം ശരാശരി 37 ലക്ഷം രൂപയുടെ വർദ്ധനവും, 2026-ൽ (31-01-2026വരെ) പ്രതിദിനം ശരാശരി 1.56 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്.

<u>യാത്രക്കാരുടെ എണ്ണം</u>

പ്രതിദിന യാത്രക്കാരുടെ എണ്ണവും 2023-ൽ ശരാശരി 19.35 ലക്ഷവും, 2024-ൽ ശരാശരി 19.84 ലക്ഷവും ഉണ്ടായിരുന്നത് 2025-ൽ ശരാശരി 20.27 ലക്ഷമായും 2026-ൽ (31-01-2026 വരെ) ശരാശരി 22.18 ലക്ഷമായും വർദ്ധിച്ചു.

ഓപ്പറേറ്റഡ് കിലോമീറ്റർ

പ്രതിദിന ശരാശരി ഓപ്പറേറ്റഡ് കിലോമീറ്റർ 2021-ൽ 7.93 ലക്ഷവും, 2022-ൽ 11.79 ലക്ഷവും, 2023-ൽ 13.87 ലക്ഷവും, 2024-ൽ 14.02 ലക്ഷവും, 2025-ൽ 13.86 ലക്ഷവും, 2026 (31.01.2026 വരെ) 14.78 ലക്ഷമായും വർദ്ധിച്ചു.

കെ.എസ്.ആർ.ടി.സി.യിലെ സെൻട്രൽ വർക്ക്ഷോപ്പിൽ ശീതീകരണ സംവിധാനം അടക്കം ഏർപ്പെടുത്തിയും, സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളിൽ മതിയായ ജീവനക്കാരെ പുനർവിന്യസിച്ചും പ്രധാന അഗ്രിഗേറ്റ്സുകളായ എഞ്ചിൻ, ഗിയർ ബോക്സുകൾ എന്നിവയുടെ പ്രതിമാസ പ്രൊഡക്ഷൻ യഥാക്രമം ശരാശരി 117, 275 ആയി വർദ്ധിപ്പിച്ച് നിലവിലെ ആവശ്യകത (കാലതാമസം കൂടാതെ ബസുകൾ ഡോക്കിൽ നിന്നും റിലീസ് ചെയ്യുന്നതിന്) നിറവേറ്റുന്നതിന് സാധിക്കുന്നുണ്ട്. തൽഫലമായി ഓഫ്റോഡ് ബസ്സുകളുടെ എണ്ണം ശരാശരി 500-നും 550-നും ഇടയിൽ നിലനിർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പൊതു ഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ്സ് (സൂപ്പർ ഡീലക്സ്, വോൾവോ തുടങ്ങിയവ) ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ വിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംഗ് പൂർത്തീകരിച്ച് 27/01/2026-ൽ 125 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് ടൂറിസ്സം സെല്ലിന്റെ ആവശ്യത്തിലേയ്ക്ക് 29 ബസ്സുകളും റീ ഫർബിഷിംഗ് വർക്കുകൾ പൂർത്തീകരിച്ച് പുതിയ ലിവറിയിൽ (livery) നൽകിയിട്ടുണ്ട്. മറ്റ് ബസ്സുകളുടെ റീ ഫർബിഷിംഗ് വർക്കുകൾ പുരോഗതിയിലാണ്.

മൂന്നാറിൽ വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ സർവ്വീസിന് ഉപയോഗിച്ചുകൊണ്ടിരുന്ന രണ്ട് ഡബിൾ ഡക്കർ ബസുകൾ ബോഡി സ്ട്രക്ച്ചറിൽ മാറ്റം വരുത്താതെ ഗ്ലാസ്സ് ഉപയോഗിച്ച് ആകർഷണീയമായ രീതിയിൽ പരിവർത്തനം നടത്തി മാർച്ച് 2025, ഡിസംബർ 2025 എന്നീ മാസങ്ങൾ മുതൽ വിജയകരമായി സർവ്വീസ് നടത്തി വരുന്നു.

കൊമേഴ്സ്യൽ രംഗത്തെ പുരോഗതി

കെ.എസ്.ആർ.ടി.സി.യിൽ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 151 കടമുറികൾ കാലങ്ങളായി സ്ഥിരമായി ഒഴിഞ്ഞു കിടന്നതിൽ വിവിധങ്ങളായ നടപടികളിലൂടെ 101 കടമുറികൾ ടെണ്ടർ ചെയ്തു ലൈസൻസികൾക്ക് നൽകുകയും ബാക്കിയുള്ളവ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ഇത് പ്രതിമാസ ടിക്കറ്റിതര വരുമാനത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ബസ് സ്റ്റേഷൻ പരിസരങ്ങളിൽ ഒഴിഞ്ഞു കിടന്ന സ്ഥലങ്ങൾ sq.ft. അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് സ്റ്റാൾകൾക്ക് അനുവദിച്ചതിലൂടെ 56 സ്ഥലങ്ങളിലായി 26,00,000/-ത്തോളം രൂപ പ്രതിമാസം ടിക്കറ്റിതര വരുമാനത്തിൽ അധികമായി നേടാൻ കഴിയുന്നുണ്ട്.

ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി യുടെ വിവിധ യൂണിറ്റുകളിൽ ഉപയോഗ രഹിതമായി കിടക്കുന്ന സ്ഥലങ്ങൾ വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ച് വലിയ രീതിയിൽ വരുമാനം ഉണ്ടാക്കുന്നതിനായി BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്, അമ്യൂസ്മെന്റ് പാർക്ക്, റിസോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി ടെൻഡർ അടക്കമുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തി വരുന്നു. പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം, കാട്ടാക്കട എന്നിവിടങ്ങളിൽ ആയത് പൂർത്തീകരിച്ചു. കൂടുതൽ ബസ് സ്റ്റേഷനുകൾ ബ്രാൻഡിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

പ്രധാന ബസ് സ്റ്റേഷനുകളിലെ ബസ് ബേകളിൽ ബസുകൾ എത്തിച്ചേരുന്നതിന്റെയും പുറപ്പെടുന്നതിന്റെയും വിവരങ്ങൾ യാത്രക്കാർക്ക് ലഭ്യമാകുന്ന വിധത്തിൽ Digital Signage System നടപ്പിലാക്കി പ്രവർത്തിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. ബസുകളിൽ TV സ്ഥാപിച്ച് യാത്രക്കാർക്ക് വളരെ ഏറെ പ്രയോജനപരമായ വിവര സംവിധാനം (Passenger Information System) ഏർപ്പെടുത്തി.

കെ.എസ്.ആർ.ടി.സി.യിലെ പ്രധാനപ്പെട്ട ബസ് സ്റ്റാന്റുകളിൽ യാത്രക്കാർക്ക് സുരക്ഷിതമായി ലഗേജ് സൂക്ഷിക്കുന്നതിന് ഡിജിറ്റൽ ക്ലോക്ക് റൂം എന്ന പദ്ധതി ആവിഷ്കരിച്ച് പ്രവർത്തിച്ചു വരുന്നു.

മൂന്നാർ ഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർദ്ധനവിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫുഡ് ഹബ് പ്രവർത്തിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. കൊറിയർ / പാഴ്സൽ സർവീസ് മുഖേന നാളിതു വരെ 11,00,00,000/- (പതിനൊന്ന് കോടി) യോളം രൂപയുടെ വരുമാനം നേടിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളിലും വർക്ക് ഷോപ്പുകളിലും, വർഷങ്ങളായി കെട്ടികിടക്കുന്ന ലെഗസി വേസ്റ്റുകൾ (Rexin Glass etc) സർക്കാർ ഉടമസ്ഥതയിലുള്ള Clean Kerala Company, Kerala Enviro Infrastructure Limited കമ്പനികളുമായി ധാരണാപത്രം ഒപ്പ് വച്ച് വലിയ തോതിൽ നീക്കം ചെയ്തിട്ടുണ്ട്. സ്പോൺസർഷിപ് വഴി മാലിന്യ ശേഖരണ സംവിധാനങ്ങൾ മലിന ജല സംസ്കരണ സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കെ.എസ്.ആർ.ടി.സി സ്വന്തമായി വികസിപ്പിച്ച ഓയിൽ വേർതിരിക്കുന്നതിനുള്ള സംവിധാനത്തോട് കൂടിയ ബസ് വാഷിംഗ് റാംപ് തിരുവനന്തപുരം സെൻട്രലിൽ നടപ്പിലാക്കിയിട്ടുണ്ട്.

RVSF സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി കെ.എസ്.ആർ.ടി.സി.യെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ, KSRTC e-tender മുഖേന M/s. SIMCO RVSF PVT. LTD. എന്ന കമ്പനിയെ തെരഞ്ഞെടുത്ത് കെ.എസ്.ആർ.ടി.സി യുടെ എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിൽ 3 ഏക്കർ സ്ഥലത്ത് RVSF (Registered Vehicle Scrapping Facility) പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

| | | | |
|---|---|---|---|
| | | | സുൽത്താൻ ബത്തേരി, വിതുര എന്നീ കെ.എസ്.ആർ.ടി.സി സ്ഥലങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br><br>ഇന്റലിജന്റ് കമാൻഡ് & കൺട്രോൾ സെന്റർ (ICCC)<br><br>ബസ്സുകളുടെ ബഞ്ചിംഗ്, കോൺവോയ് സർവീസുകൾ, ഡെഡ് ട്രിപ്പുകൾ എന്നിവ ലൈവ് ട്രാക്കിങ്ങിലൂടെ മനസ്സിലാക്കുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുമുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങളെ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുകയും, യാത്രക്കാരുടെ സുരക്ഷയും സേവന നിലവാരവും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനായി Intelligent Command & Control Centre (ICCC) ആരംഭിച്ചിട്ടുണ്ട്. |
| (സി) | ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് യാത്രക്കാർക്ക് അന്തർദേശീയ നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | ആധുനിക സാങ്കേതികവിദ്യാ സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് യാത്രക്കാർക്ക് അന്തർദേശീയ നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:<br><br>• ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ.<br>• ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം.<br>• ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.<br>• സ്മാർട്ട് ട്രാവൽ കാർഡ്.<br>• റെന്റൽ മാനേജ്മെന്റ് സിസ്റ്റം.<br>• സി.സി.ടി.വി.യും ബ്ലിങ്കർ ലൈറ്റ് നടപ്പാക്കലും.<br>• കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്.<br>• സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം (എം.എൽ.എ. ഫണ്ട് ഉപയോഗിച്ച്)<br>• കസ്റ്റമർ കെയർ പോർട്ടൽ.<br>• ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം.<br>• ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം.<br>• ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.<br>• കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം.<br>• Passenger Information System - PIS<br>• മാലിന്യ സംസ്കരണ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ (Waste Management System Software Solution).<br>• ഇന്റലിജന്റ് കമാൻഡ് & കൺട്രോൾ സെന്റർ (ICCC)<br>• AI-പവർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം.<br>• ഡിജിറ്റൽ ബസ് പരസ്യ പ്ലാറ്റ്ഫോം.<br>• Integrated Expense & Revenue Management System (IERMS) |
| (ഡി) | വാഹനങ്ങളുടെ ശരിയായ വിനിയോഗം, റൂട്ടുകളുടെ ശരിയായ ഉപയോഗം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെട്ട നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കോർപ്പറേഷനിൽ നഷ്ടത്തിലുണ്ടായിരുന്ന റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകളെ ഇത്തരം ക്രമീകരണങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി നിലനിർത്തിയിട്ടുണ്ട്. ഇത്തരം ക്രമീകരണത്തിലൂടെ പൊതുജനങ്ങൾക്ക് ഉപകാരമല്ലാത്തതും വരുമാന ലഭ്യത ഇല്ലാത്തതുമായ ഡെഡ് കിലോമീറ്റർ |

ഓപ്പറേഷൻ കുറയ്ക്കുന്നതിനും അതിന് പകരം വരുമാന ലഭ്യതയുള്ളതും ജനോപകാരപ്രദവുമായ റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ദീർഘദൂര ബസുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ഇങ്ങനെ ഒഴിവാകുന്നതിൽ ഒറ്റപ്പെട്ട ഭാഗങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിക്കുകയും ചെയ്തു.

പുതിയതരം ബസുകൾ നിരത്തിലിറക്കിയതിലൂടെ യാത്രക്കാരെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെട്ട പ്രവർത്തന നിലവാരത്തിലേയ്ക്ക് എത്തിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

<u>AI-പവേർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി. 93 ഡിപ്പോകളിലും ക്രൂ റോസ്റ്ററിംഗും, സർവീസ് പ്ലാനിംഗും ചെയ്യുന്ന ഒരു AI-അധിഷ്ഠിത ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ടി സംവിധാനം നടപ്പിലാക്കുന്നത് വഴി ഷെഡ്യൂളുകൾ ഒപ്റ്റിമൈസ് ചെയ്യുവാനും, മികച്ച വിഭവ വിഹിതം ഉറപ്പാക്കുവാനും, നിഷ്ക്രിയ സമയം കുറയ്ക്കുവാനും, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കുവാനും സാധിക്കും. ടി സംവിധാനം ഡിപ്പോ തിരിച്ചുള്ള ലാഭക്ഷമത വിശകലനം ചെയ്യുവാനും, തത്സമയ ഡാഷ്ബോർഡുകൾ വഴി തുടർച്ചയായ നിരീക്ഷണം പ്രാപ്തമാക്കുകയും ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ എടുക്കാൻ മാനേജ്മെന്റിനെ ശാക്തീകരിക്കുകയും യാത്രക്കാർക്ക് സേവന വിശ്വാസ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

വാഹനങ്ങളുടെ ശരിയായ വിനിയോഗം, ഉറപ്പ് വരുത്തുന്നതിലേയ്ക്കായി വാഹന നിർമ്മാതാക്കൾ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പീരിയോഡിക് മെയിന്റനൻസുകൾ നിർവ്വഹിച്ചും, അഗ്രിഗേറ്റ് ലൈഫ് അടിസ്ഥാനപ്പെടുത്തി യൂണിറ്റുകൾ റീ കണ്ടീഷനിംഗ് നടത്തി ഫിറ്റ് ചെയ്യുന്നതും യഥാവിധി നിർവ്വഹിക്കുന്നതിനാൽ ശരാശരി ഓഫ്റോഡ് ഡിസംബർ 2025-ൽ 544 ആയി കുറച്ചുകൊണ്ട് വരുന്നതിന് സാധിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ്സ് (സൂപ്പർ ഡീലക്സ്, വോൾവോ തുടങ്ങിയവ) ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംഗ് പൂർത്തീകരിച്ച് 27.01.2026 വരെ 125 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആവശ്യത്തിലേയ്ക്ക് 29 ബസ്സുകളും റീ ഫർബിഷിംഗ് വർക്കുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. മറ്റ് ബസ്സുകളുടെ റീ ഫർബിഷിംഗ് വർക്കുകൾ പുരോഗതിയിലാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

(തുക കോടി രൂപയിൽ)

| സാമ്പത്തിക വർഷം | ശമ്പളം | പെൻഷൻ | മറ്റ് ധന സഹായങ്ങൾ | ആകെ |
|---|---|---|---|---|
| 2021-22 | 863.09 | 898.81 | 275.61 | **2037.51** |
| 2022-23 | 570.00 | 781.81 | 83.00 | **1434.81** |
| 2023-24 | 590.00 | 1007.47 | 468.10 | **2065.57** |
| 2024-25 | 580.00 | 809.91 | 212.50 | **1602.41** |
| 2025-26 (11/01/2026 വരെ) | 450.00 | 731.55 | 0.00 | **1181.55** |